# തീയില് ഉതിക്കഴിച്ച പൊന്നും വെള്ളവസ്ത്രവും ലേപവും (വെളിപാട് പഠനം 49)

**പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റാ**

വാക്യം. 18, 19, 20

"നീ സമ്പന്നന് ആകേണ്ടതിന് തീയില് ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന് വെള്ളയുടുപ്പും നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണില് എഴുതുവാന് ലേപവും എന്നോടു വിലെക്കു വാങ്ങുവാന് ഞാന് നിന്നോടു ബുദ്ധി പറയുന്നു. എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാന് ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. ആകയാല് നീ ജാഗ്രതയുള്ളവനായിരിക്ക. മാനസാന്തിരപ്പെടുക".

ലാവോദിക്യാ സഭയുടെ ആത്മീകാവസ്ഥ അറിയുന്ന കര്ത്താവ് അവര്ക്ക് ബുദ്ധിയുപദേശം കൊടുക്കുന്നു. ഭൌതികമായ യാതൊരു നേട്ടവും അവരുടെ ആത്മീക നഷ്ടം നികത്തുന്നതിന് പര്യാപ്തമാകുകയില്ല എന്നത് വ്യക്തം. ഇവരുടെ ലജ്ജാകരമായ ഈ ശോചനീയവസ്ഥ സ്വയം മനസ്സിലാക്കാത്ത ഒരു സഭയാണ് ഇത്. കര്ത്താവിന്റെ അഗ്നിജ്വാലക്കൊത്ത കണ്ണുംകൊണ്ട് ഈ സഭയെ സൂക്ഷ്മ പരിശോധന കഴിച്ച ശേഷമാണ് ഇവര് നിര്ഭാഗ്യനും, അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും ആണെന്ന് ഇവരോടു വിളിച്ചുപറഞ്ഞത്. ഈ അന്ത്യകാലത്ത് ഭൌതിക നേട്ടമുള്ള ധാരാളം സഭകള് ഉണ്ടെങ്കിലും ആത്മീക ദാരിദ്രത്തില് കഴിയുകയാണ്. സുവിശേഷം അറിയിക്കുന്നതില് സഭയ്ക്ക് ഉത്സാഹം ഇല്ലാത്തതിനാല് സഭ ഉഷ്ണവാനല്ല. ആര്ക്കും പ്രയോജനമില്ലാത്ത അനുഭവം. കരിന്തിരി കത്തിനില്ക്കുന്ന അനുഭവം. ആദ്ധ്യാത്മികമായി ഇത്രമാത്രം അധഃപതിച്ച നിലയില് ആയിരുന്നിട്ടും അത് അറിയാതിരിക്കുന്നതാണ് ഏറെ അപകടം. അവരുടെ ആവശ്യം മനസ്സിലാക്കിയ കര്ത്താവ് അവരോട് മൂന്ന് കൂട്ടം കാര്യങ്ങള് വിലെക്കു വാങ്ങുവാന് ബുദ്ധിയുപദേശം നല്കുന്നു. ക്രിസ്തീയ ജീവിതത്തില് ചില കാര്യങ്ങള് സൌജന്യമാണ്.

പാപക്ഷമയും പരിശുദ്ധാത്മസ്നാനവും ദൈവം സൌജന്യമായി നല്കുന്ന ദാനങ്ങളാണ്. ആത്മീക സമ്പത്തു പ്രാപിപ്പാന് അവര് വിലകൊടുക്കേണ്ടതുണ്ട്. അവര് അതു വാങ്ങേണ്ടിയിരിക്കുന്നു. നാം എല്ലാം വിട്ടുകളയുകയും നമ്മെത്തന്നെ ദൈവത്തിനായി വിറ്റുകളയുകയും വേണം. നാം ഇങ്ങനെ ചെയ്താല് ദൈവം നമുക്ക് തരുവാന് ആഗ്രഹിക്കുന്ന നിത്യമുല്യമുള്ള യാഥാര്ത്ഥ സമ്പത്ത് നമുക്ക് നേടുവാന് കഴിയും. മുത്ത് അന്വേഷിക്കുന്ന വ്യാപാരിയുടെയും, വയലില് ഒളിച്ചു വച്ച നിധിയുടെയും ഉപമകള് വ്യക്തമായും ഒരു കാര്യം നമ്മെ പഠിപ്പിക്കുന്നു. എല്ലാം ഉപേക്ഷിക്കുവാന് മനസ്സുള്ളവര്ക്കു മാത്രമേ ഈ സ്വര്ഗ്ഗീയ സമ്പത്ത് പ്രാപിക്കുവാന് കഴിയത്തുള്ളൂ. മത്താ. 13: 44-46.

## 1. തീയില് ഊതിക്കഴിച്ച പൊന്ന്

നിര്മ്മലവും കലര്പ്പില്ലാത്തവതുമായ ദിവ്യ സ്വഭാവത്തെയാണ് തീയില് ഊതിക്കഴിച്ച പൊന്ന് സൂചിപ്പിക്കുന്നത്. നാം സ്വായത്തമാക്കേണ്ടത് ഈ ദിവ്യസ്വഭാവമാണ്. കഷ്ടതയുടെ തീച്ചൂളയിലൂടെ ഉരുകിയിറങ്ങിയ വിലയേറിയ പൊന്നായ കര്ത്താവായ യേശുവിനെ വീണ്ടും പ്രാപിച്ചു കഴിയുമ്പോള് ഈ ദിവ്യസ്വഭാവം നമുക്ക് ലഭിക്കും. യെശ. 48: 10; സങ്കീ. 66: 12.
പൊന്ന് മേത്തരമായ ലോഹവും വിലയേറിയതുമാണ്. പൊന്നിനേക്കാള് വിലയേറിയതായി ചിലത് തിരുവചനത്തില് കാണുന്നുണ്ട്. അഴിഞ്ഞുപോകുന്നതും തീയില് ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാള് നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് 1 പത്രോ. 1: 7-ല് കാണുന്നു. ഇവിടെ പറയുന്ന വിശ്വാസത്തിന്റെ പരിശോധന വ്യക്തികളിലുള്ള വിശ്വാസത്തെ പരിശോധിക്കുന്നതാണ്. വിശ്വാസിയിൽ ഉണ്ട് എന്നവകാശപ്പെടുന്നത് യഥാര്ത്ഥ വിശ്വാസമാണോ എന്നറിയുന്നതിനുവേണ്ടിയുള്ള പരിശോധനയാണ്.
പരിശോധിക്കപ്പെടാത്ത വിശ്വാസം വിലയേറിയതായിത്തീരുകയില്ല. സഭയ്ക്ക് ഒരു പരിശോധനാകാലയളവിന്റെ ആവശ്യം ഉണ്ട്. വിശ്വാസികള്ക്ക് സ്വയശോധനയും ആത്മീക വളര്ച്ചയ്ക്കും പരിശോധനയെക്കാള് എളുപ്പമായ മാര്ഗ്ഗം മറ്റൊന്നുമില്ല. പരീക്ഷ സഹിക്കുന്ന മനുഷ്യന് ഭാഗ്യവാന്. അവന് കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം.... എന്ന് വായിക്കുന്നു. യാക്കോ. 1: 12. പരിശോധനയ്ക്ക് വിധേയപ്പെടുന്നത് കൊള്ളാകുന്നവനായി തെളിയിച്ചുകൊടുക്കുവാനാണ്. അപ്പോള് നിര്മ്മലവും കലര്പ്പില്ലാത്തതുമായ ദിവ്യസ്വഭാവം നാം പ്രാപിക്കും.
കൂടാതെ തിരുവചനധ്യാനം, പഠനം, പ്രബോധനം ഇവ വ്യക്തികളിലും കുടുംബങ്ങളിലും ഉണ്ടാകണം. ദൈവവചനം നമ്മുടെ ഹൃദയത്തില് ഇരിക്കേണം, ആവ. 6: 6; 11: 18.; സങ്കീ. 37: 31; സങ്കീ. 40: 8. ഞാന് നിന്നോടു പാപം ചെയ്യാതിരിക്കേണ്ടിതനു നിന്റെ വചനത്തെ ഹൃദയത്തില് സംഗ്രഹിക്കുന്നു. സങ്കീ. 119: 11. ഹൃദയത്തില് എന്റെ ന്യായപ്രമാണം ഉള്ള ജനവും ആയുള്ളോരേ. യിരമ്യ. 57: 7. എന്റെ വചനത്തിന് നിങ്ങളില് ഇട ഇല്ലായ്കകൊണ്ട് എന്ന് യേശു യഹൂദന്മാരോട് പറഞ്ഞു. യോഹ. 8: 37. ലവോദിക്യാ സഭയുടെ ഉള്ളില് നഷ്ടപ്പെട്ടുപോയ വചനം വീണ്ടും ഹൃദയത്തില് സ്വീകരിക്കുമ്പോള് നിര്മ്മലമായ ദിവ്യസ്വഭാവം അവര്ക്ക് ലഭിക്കും. കര്ത്താവായ യേശുവിനും ദൈവവചനത്തിനും പ്രാധാന്യം നല്കി നിര്മ്മലമായ ദിവ്യസ്വഭാവം പ്രാപിച്ചെടുക്കുവാന് പരിശോധനയില് കടന്നുപോകേണ്ടത് ആവശ്യം. അങ്ങനെയാണ് സമ്പന്നന് ആകുവാന് തീയില് ഊതിക്കഴിച്ച പൊന്നായ ദിവ്യസ്വഭാവം ലഭിക്കുന്നത്. തീ തന്നെ ശോധന ചെയ്യുമ്പോള് തെളിഞ്ഞു വരുന്ന വിശ്വാസത്തിന്റെ പ്രവര്ത്തനങ്ങളും അത്യന്താപേക്ഷിതമാണ്. 1 കൊരി. 3; 12-14. ഈ പൊന്ന് വിലയ്ക്ക് വാങ്ങണം. കര്ത്താവില് നിന്നു മാത്രമേ ഇത് ലഭിക്കുകയുള്ളൂ. രക്ഷ സൗജന്യമാണ്. പരിശുദ്ധാത്മ സ്നാനം സൗജന്യമാണ്. എന്നാല് ഇത് സൗജന്യമായി തരികയില്ല. വില കൊടുക്കണം.

## 2. വെള്ളയുടുപ്പ്

തങ്ങളുടെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കേണ്ടതിന് പരിഹാരമാര്ഗ്ഗമായി കര്ത്താവ് നിര്ദ്ദേശിക്കുന്നത് വെള്ളയുടുപ്പാണ്. ജീവിത വിശുദ്ധിയുള്ളവരായി ലോകത്തില് ജീവിക്കേണ്ടതിന് അതിവിശുദ്ധനായ കര്ത്താവിനോടു ചേര്ന്ന് ബന്ധപ്പെടുക. മോടിയുള്ള വസ്ത്രങ്ങള് അണിഞ്ഞിരിന്നു. എങ്കിലും ആത്മീകമായി അവര് അപമാനിതരായിരുന്നു. ശ്രേഷ്ഠമായ വസ്ത്രാലങ്കാരം മഹിമയുടെയും (എസ്ഥേര്. 6; 6-8; ദാനി. 5: 29) വസ്ത്രാക്ഷേപം അപമാനത്തിന്റെയും (2. ശാമു. 10: 4; യശ. 20: 4; യെഹ. 16: 37; നഹൂം. 3: 5) പ്രതീകമാണ്. അവര്ക്ക് ഇപ്പോള് നഷ്ടമായിരിക്കുന്നത രക്ഷയുടെ വസ്ത്രം അല്ല. രക്ഷയ്ക്കു യോഗ്യമായ ജീവിതം എന്ന വസ്ത്രമാണ്. രക്ഷാ വസ്ത്രമെന്ന വെള്ളയുടുപ്പ് ആണ് നഷ് ടമായിരുന്നതെങ്കില് വിലെക്ക് വാങ്ങുവാന് പറയത്തില്ലായിരുന്നു. രക്ഷാ വസ്ത്രം സൌജന്യം ആണ്. രക്ഷയ്ക്ക് യോഗ്യമായ ജീവിതത്തിന് ആണ് വില കൊടുക്കേണ്ടത്. ചെലവുള്ളതും കഷ്ടനഷ്ടങ്ങള് സഹിക്കേണ്ടി വരുന്നതുമായ ജീവിതമാണ് വിശ്വാസ ജിവിതം. വെളി. 19: 8-ല് നീതിപ്രവര്ത്തികള് എന്ന ശുഭ്രവസ്ത്രം കാണാം.

നാഹാശിന്റെ നിര്യാണത്തില് അനുശോചിക്കുവാന് പോയ ദാവീദിന്റെ സ്ഥാനാപതികളെ അമ്മോന്യരാജാവായ ഹാനൂന് താടിയും അങ്കിയും പകുതിവരെ മുറിച്ച് അപമാനിച്ചു പറഞ്ഞയച്ചു. 2. ശാമു. 10: 4; യെശ. 20: 1-4. ഈ ഭൃത്യന്മാര്ക്ക് വസ്ത്രം ഉണ്ടെന്ന തോന്നിയാലും അവര് നഗ്നരാണ്. ഇതുപോലുള്ള ഒരു സ്ഥിതിയലാണ് സഭ വന്നിരിക്കുന്നത്. ലവോദിക്യര് അലംകൃത വസ്ത്രങ്ങള് ധരിച്ചിരുന്നിട്ടും അവര് നഗ്നരാണ്. സഭയ്ക്ക് ജീവിതവിശുദ്ധി നഷ്ടമായിരിക്കുന്നു. സഭ ലോകമയത്വത്തിലേക്ക് ഇറങ്ങിപോയതിനാലാണ് വിശുദ്ധി നഷ്ടമായത്.

ദൈവാനുപത്തില് സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവത്തോടുള്ള സമ്പര്ക്കത്തില് കഴിഞ്ഞിടത്തോളം നഗ്നതാബോധം അവനെ അലട്ടിയിരുന്നില്ല. കാരണം അവന് ദൈവതേജസ്സിനാല് പൊതിയപ്പെട്ടിരുന്നു. മനുഷ്യന് പാപത്തില് അകപ്പെടുകയും അതോടുകൂടി അവന് നഗ്നതാ ബോധം ഉള്ളവനായി ദൈവത്തില് നിന്ന് ഓടിഒളിച്ചു. എന്നാല് ലവോദിക്യരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ നഗ്നതയെക്കുറിച്ച് അവര് ബോധവാന്മാരല്ല. സഭ തങ്ങളുടെ ജീവിതത്തെ വിശുദ്ധമായി സൂക്ഷിക്കേണം. നഷ്ടപ്പെട്ട വിശുദ്ധി വിലകൊടുത്തു മടക്കിയെടുക്കുവാനാണ് കര്ത്താവ് ആവശ്യപ്പെടുന്നത്. വെള്ളവസ്ത്രം നമ്മടെയും വിശുദ്ധിയുടെയും വിജയത്തിന്റെയും പ്രതീകമാണ്. ദൈവമക്കളുടെ ജീവിതം എന്നും വെള്ള വസ്ത്രം പോലെ ആയിരിക്കേണം. അത് ഒരുനാളും കറപിടിച്ച് ദുഷിക്കപ്പെടുവാന് അനുവദിക്കരുത് എന്നതാണ് ദൈവോദ്ദേശം. അവര് നിരന്തരം അവന്റെ സന്നിധിയില് വിശുദ്ധിയില് ജീവിക്കണമെന്നും വിശുദ്ധിയില് ആരാധിക്കണമെന്നും അവന് ആഗ്രഹിക്കുന്നു. പഴയ നിയമത്തില് മഹാപുരോഹിതന് യാഗപീഠത്തിങ്കല് ശുശ്രൂഷിക്കമ്പോള് അവന്റെ നഗ്നത കാണപ്പെടുവാന് ഇടയാകാതെ കട്ടിയുള്ള

അടിവസ്ത്രം ധരിച്ചിരിക്കേണം.

ദൈവത്തിന്റെ നീതിയുടെ വസ്ത്രം ധരിക്കുക എന്നതാണ് നഗ്നതയ്ക്കുള്ള പരിഹാരമാര്ഗ്ഗം. ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിനുള്ള കല്യാണ വസ്ത്രമാണ് യേശു നല്കുന്ന നീതിയുടെ വസ്ത്രം. മത്താ. 22: 11, 12. മനുഷ്യരുടെ നീതിപ്രവര്ത്തികള് ദൈവസന്നിധിയില് കറപുരണ്ട തുണിപോലെയാണ്.യശ. 64: 6. നാം കര്ത്താവിനായി പ്രവൃത്തിക്കുന്നതില് ഒരു വിശുദ്ധ ഉദ്ദേശവും പ്രേരകശക്തിയും ആണ് നമുക്കുണ്ടായിരിക്കേണ്ടത്. എങ്കില് മാത്രമേ അത് വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാകുന്ന വിശേഷ വസ്ത്രമായി രൂപാന്തരിപ്പെടുകയുള്ളൂ. വെളി. 19: 8. വിശുദ്ധീകരണം എന്നത് ക്രിസ്തുവിന്റെ നീതിക്ക് നമ്മെ പങ്കാളികളാക്കന്നതും അത് നമ്മുടെ ജീവിതത്തിലും സ്വഭാവത്തിലും ദിനംപ്രതി ഒരു ഭാഗമായി രൂപംകൊള്ളുന്നതുമാകുന്നു. ലവോദിക്യാര് നഗ്നരായി ജീവിക്കുന്നതിനാല് ദൈവനാമം അപമാനിക്കപ്പെടുന്നു. അവരുടെ ചിന്താഗതി അവര് ദൈവത്തെ ആരാധിക്കുന്നു എന്നുള്ളതാണ്. വിശുദ്ധന് ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ എന്ന ശക്തമായ ദൈവീകാലോചനയ്ക്ക് സഭ കീഴ്പ്പെടേണം. ആത്മാവിനെ അലങ്കരിക്കാതെ ശരീരത്തെ മാത്രം അലങ്കരിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. ശുഭ്രവസത്രം ആത്മീക സൌന്ദര്യത്തെയും വിശുദ്ധിയേയും കാണിക്കുന്നു.

മുടിയനായ പുത്രനെ ഏറ്റവും നല്ല അങ്കി ധരിപ്പിച്ച് പിതാവ് ബഹുമാനിക്കുന്നു. ലൂക്കോ. 15: 22. രാജകീയ വസ്ത്രം രാജാവ് ബഹുമാനിക്കുന്നവര്ക്ക് നല്കുന്നതായി എസ്ഥേരിന്റെ പുസ്തകത്തില് വായിക്കുന്നു. എസ്ഥേര് . 6: 6-11. ബെല്ഗ്ഗസ്സര് രാജാവ് ദാനിയേലിനെ വസ്ത്രം അണിയിച്ച് മാനിക്കുന്നതായി കാണാം. ദാനി. 5: 29. യോസഫിന്റെ പഴയ വസ്ത്രം മാറി രാജകീയ വസ്ത്രം ധരിച്ച് ഫറവോന് മാനിക്കുന്നു. ഉല്പത്തി. 1: 42. ലോകത്താലുള്ള കളങ്കം പറ്റാതെ വിശുദ്ധിയില് സൂക്ഷിപ്പാനുള്ള ആഹ്വാനമത്രെ ഇവിടെ നില്ക്കുന്നത്. വിശുദ്ധിയില് ധരിക്കേണ്ടതായ ചില കാര്യങ്ങള്

1. റോമ. 13: 14- ക്രിസ്തുവിനെ ധരിക്കേണം. ഗലാ. 3: 2
2. എഫേ. 4: 24- പുതുമനുഷ്യനെ ധരിക്കേണം. കൊലോ. 3: 10.
3. കൊലോ. 3: 12, 14- വെള്ളയുടുപ്പ് ധരിക്കേണം.

ഇവിടെ വിലെക്കുവാങ്ങുവാന് പറഞ്ഞിരിക്കുന്നത് വെള്ളയുടുപ്പാണ്. നിന്റെ വസ്ത്രം വെള്ള ആയിരിക്കട്ടെ എന്ന് സഭാപ്രസംഗി 9-ന്റെ 8-ല് നാം വായിക്കുന്നു. സര്ദ്ദീസിലെ സഭയിലെ ജയാളികള്ക്ക് കര്ത്താവ് വെള്ളവസ്ത്രം വാഗ്ദാനം ചെയ്തിരിക്കുന്നു. രക്ഷാ വസ്ത്രം ലഭിച്ചവര് എങ്കിലും ആദ്ധ്യാത്മികതയുടെ അന്തസ്സായ ശുദ്ധവും ശുഭ്രവും ആയ ഉടുപ്പുകൊണ്ട് നഗ്നതാ നിവാരണം

ചെയ്യേണ്ടിയിരിക്കുന്നു. ലൂക്കോ. 15. 22; വെളി. 3: 5; 4: 4; 16: 15, സഭയുടെ വിശുദ്ധി പുതിയ നിയമ ഉപദേശാകുന്നു. സഭ വിശുദ്ധിയുടെ ഉപദേശത്തില് ശക്തമായി നിലനില്ക്കേണം.

## 3. കണ്ണില് എഴുതുവാന് ലേപം

ലാവോദിക്യാ സഭ ആത്മീക അന്ധന്മാരാണ്. അവരുടെ ആത്മീക ദര്ശനം നഷ്ടപ്പെട്ടിരിക്കുകയാണ്. യാഥാര്ത്ഥ്യങ്ങളെ കാണുവാന് അവര്ക്ക് കഴിയു#്നില്ല. ആത്മീക അന്ധത പ്രാപിച്ച ഇവര്ക്ക് കര്ത്താവിനെ കാണുവാനോ, അവന്െറ ശബ്ദം കേള്ക്കുവാനോ സാദ്ധ്യമല്ല. ലവോദിക്യയില് നിര്മ്മിച്ച നയനലേപനം നയന രോഗങ്ങള്ക്ക് സിദ്ധൌഷധമായിരുന്നു. എന്നാല് സ്വന്തം ആത്മീക ദാരിദ്രവും നഗ്നതയും കാണാന് കഴിയാതെ വണ്ണം അവര്ക്ക് അന്ധത പിടിച്ചിരുന്നു. അവര്ക്ക് ആത്മീക ഉള്ക്കാഴ്ച ആവശ്യമായിരിക്കുന്നു. ആത്മീകമായി ശരിയായ കാഴ്ചപ്പാട് ലഭിച്ചെങ്കിലേ അവരുടെ പരിതാപകരമായ ആത്മീയസ്ഥിതി മനസ്സിലാകുകയുള്ളു. ദൈവീക സത്യങ്ങള് വകതിരിച്ചറിയുന്നതിനുള്ള കഴിവും കാഴ്ചകൊണ്ട് ഉദ്ദേശിക്കുന്നു. പരിശുദ്ധാത്മാവാണ് ഈ കഴിവു തരുന്നത്. 1. യോഹ. 2: 20, 27.

സത്യങ്ങളെ കാണുവാന് കഴിയാത്ത അന്ധന്മാരുടെ കൂട്ടമായി സഭ പോകുന്നു. അതിനുള്ള ഏകപ്രതിവിധി ലേപം വാങ്ങി കണ്ണില് എഴുതുക എന്നുള്ളത് മാത്രമാണ്. എണ്ണയില് ചാലിച്ച് കണ്ണില് പുരട്ടുന്ന ഒറ്റ ഔഷധമാണ് കണ്ലേപം. ഇത് ലവോദിക്യാ ജനങ്ങള് നിര്മ്മിക്കുകയും വിദേശ കമ്പോളങ്ങളില് വിറ്റു പണം സമ്പാദിക്കുകയും ചെയ്യുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് ലേപത്തിന്െറ രൂപത്തില് കര്ത്താവ് ആലോചന നല്കുന്നത്. ആത്മീക കുരുടായി പോയ കാഴ്ച ലഭിപ്പാന് തക്കവണ്ണം ലേപം തന്നോടു വാങ്ങിക്കൊള്ളുവാനാണ് കര്ത്താവ് നിര്ദ്ദേശിക്കുന്നത്. ലവോദിക്യാ സഭ ഭൌതിക പ്രതാപത്തില് ആത്മീക പ്രകാശം നഷ്ടപ്പെട്ടുപോയിരിക്കുകയാണ്.

എഫേസോസിലെ വിശ്വാസികളുടെ ഹൃദയ ദൃഷ്ടി പ്രകാശിക്കേണം എന്ന് പൌലോസ് പ്രാര്ത്ഥിക്കുന്നു. എഫേ. 1: 157. അവരുടെ ആത്മീയ ഉള്ക്കാഴ്ച പിന്നെയും വര്ദ്ധിപ്പിക്കേണ്ടതുണ്ടായിരുന്നു. ഇവിടെ വിലക്കു വാങ്ങുവാന് പറഞ്ഞിരിക്കുന്നതെല്ലാം കര്ത്താവിനോട് വിലക്കു വാങ്ങുക എന്നാണ് കര്ത്താവ് പറഞ്ഞിരിക്കുന്നത്. അതിന്െറ അര്ത്ഥം അത് മറ്റെങ്ങു നിന്നും ലഭിക്കുന്നതല്ല എന്നാണ്. കര്ത്താവു തരുന്ന ദാനങ്ങള് നഷ്ടപ്പെടുത്തിയിട്ട് വീണ്ടും ലഭിക്കേണമെങ്കില് വിലകൊടുക്കേണ്ടതുണ്ട്. ആവശ്യക്കാര് കര്ത്താവിനെ സമീപിച്ചിട്ട് അത് വാങ്ങണം. നഷ്ടപ്പെട്ടുപോയ ദര്ശനം വീണ്ടെടുക്കുവാന് പര്യാപ്തമായ വില കൊടുക്കുവാന് തയ്യാറാവണം വസ്ത്രങ്ങളെയല്ല, ഹൃദയത്തെത്തന്നെ കീറി ഉപവാസത്തോടും പ്രാര്ത്ഥനയോടും നാം ദൈവസന്നിധിയില് അടുക്കുവാന് തയ്യാറാവാണം. ജീവിതത്തില് വന്നുപോയ സകല പരാജയങ്ങളും സമ്മതിച്ച് അനുതാപത്തോടും കണ്ണൂനീരോടും ദൈവത്തോട്

മുഴങ്കാലില് നിന്ന് അഭയ യാചന കഴിക്കുമ്പോള് മാത്രമേ ആത്മാവിന്െറ വെളിപ്പാട് നമുക്ക് ലഭിക്കുകയുള്ളൂ. ഇരുണ്ടു പോയ ഹൃദയം പ്രകാശിമായിത്തീരുവാന് ആത്മാവിന്െറ സ്പര്ശനമാണാവശ്യം. നമ്മുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പാന് അവന്െറ വിളിയാലുള്ള ആശ, വിശുദ്ധന്മാരില് അവന്െറ അവകാശത്തിന്െറ മഹിമാധനം, അവന്െറ ശക്തിയുടെ അളവ് വലിപ്പം എന്നിവ യഥാര്ത്ഥത്തില് ഗ്രഹിപ്പാന് കഴിയും. എഫേ. 1: 18

കര്ത്താവിന്െറ ഭാഷയില് ലേപം എന്നത് പരിശുദ്ധാത്മാവും ദൈവവചനവുമാണ് . ഈ ദിവ്യലേപനം നയനങ്ങളില് പകരപ്പെട്ടാലേ ആത്മീയ അന്ധതയ്ക്ക് പരിഹാരം ഉണ്ടാകുകയുള്ളൂ. നിന്െറ വചനം എന്െറ കാലിനു ദീപവും എന്െറ പാതെക്കു പ്രകാശവും ആകുന്നു. സങ്കി. 119: 105. നിന്െറ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു. സങ്കി. 119: 130. നിങ്ങള്ക്ക് ആത്മീക വര്ദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്െറ കൃപയുടെ വചനത്തിലും ഞാന് ഇപ്പോള് നിങ്ങളെ ഭരമേല്പ്പിക്കുന്നു. പ്രവൃത്തി. 20: 32. ദൈവവചനം എന്ന ലേപം ഒരു വിശ്വാസിയുടെ സിദ്ധൌഷധമാണ്.
പിറവികുരുടന്െറ കണ്ണില് കര്ത്താവ് തുപ്പല്കൊണ്ട് ചേറുണ്ടാക്കി പൂശി അവനെ സൌഖ്യമാക്കിയതുപോലെ, നമ്മില് സ്വയമായി കാണുവാന് കഴിയത്തക്കനിലയില് സൃഷ്ടിപരമായ ഒരു പ്രക്രിയ നടത്തുവാന് നമ്മുടെ കര്ത്താവിന് കഴിയും. യശയ്യാ പ്രവാചകനെ ശുദ്ധീകരണത്തിലേക്ക് നടത്തിയത്. ദര്ശനം പ്രാപിച്ചവനായി വീണ്ടും പ്രവാചക ദൌത്യം ഏറ്റെടുക്കുവാന് പ്രാപ്തനാക്കിയതും സ്വര്ഗ്ഗീയ യാഗപീഠത്തിലെ കൌലിന്െറ സ്പര്ശനമായിരുന്നു. സഭയുടെ വാതില്ക്കല് മുട്ടിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിനുവേണ്ടി ഹൃദയം തുറന്നു കൊടുക്കുകയും അവിടുത്തെ സാന്നിദ്ധ്യം രുചിച്ചറിയുകയും ചെയ്യുവാന് തയ്യാറെങ്കില് മാത്രമേ ജീവിതത്തില് പുതുക്കവും ദര്ശനവും ലഭിക്കുകയുള്ളൂ. ആകയാല് തീയില് ഊതിക്കഴിച്ച പൊന്നും വെള്ളയുടുപ്പും ലേപവും ഈ മൂന്നുകാര്യങ്ങളും വിലയ്ക്കുവാങ്ങാന് കര്ത്താവ് ബുദ്ധി ഉപദേശം നല്കുന്നു. ആത്മീക നന്മകള്ക്ക് അത് അര്ഹിക്കുന്ന വില നാം നല്കിയേ മതിയാകൂ. വില നല്കുക എന്നതുകൊണ്ട് നമ്മുടെ ഹൃദയ പൂര്വ്വകമായ മാനസാന്തരത്തെയത്രേ ഉദ്ദേശിക്കുന്നത് എന്ന് തുടര്ന്നുള്ള വാക്യത്തില് നിന്നും മനസ്സിലാക്കാം. ക്രിസ്തീയ ദീവിതത്തിന്െറ പ്രാരംഭനാളുകളില് സൌജന്യമായി ലഭിച്ച കൃപകള് നഷ്ടപ്പെടുത്തിയാല് അവ വീണ്ടും പ്രിപിക്കേണ്ടതിന് സ്വയ പരിശോധനയുടെയും കണ്ണുനീരിന്െറയും ആത്മതപനത്തിന്െറയും വില നാം കൊടുക്കേണ്ടതാണ്. അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ, വെള്ളത്തിന് വരുവിന്. വന്നു വാങ്ങിതിന്നുവിന്. നിങ്ങള് വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊള്വിന്. യശ. 55: 1.

നാം സന്തോഷിച്ചു ഉല്ലസിച്ചു അവനു മഹത്വം കൊടുക്കുക. കുഞ്ഞാടിന്െറ

കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താന് ഒരുക്കിയിരിക്കുന്നു. അവള്ക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാന് കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികള് തന്നെ. വെളി. 19: 7, 8. ആകയാല് തീയില് ഊതിക്കാഴിച്ച പൊന്നും വെള്ളയുടുപ്പും ലേപവും നമ്മുടെ കര്ത്താവിനോടു ചോദിച്ചുവാങ്ങാം. നഷ്ടമായത് അവന് നമുക്ക് തരും.

വാക്യം. 19 എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ഞാന് ശാസിക്കുകയും ചെയ്യുന്നു. മന്ദോഷ്ണ സ്ഥിതിയിലായിരിക്കുന്ന ലവോദിക്യാ സഭയെ കര്ത്താവ് ഉപേക്ഷിക്കുന്നില്ല. അവരെ സ്നേഹിക്കുന്നതുകൊണ്ടി അവരെ തിരിച്ചു കൊണ്ടുവരുവാന് പരിശ്രമിക്കുകയാണ്. ശാസനയും ശിക്ഷയും സ്നേഹത്തിന്റെ പ്രകടനമാണ്. കര്ത്താവ് തനിക്ക് പ്രിയമുള്ളവരെയാണ് ശിക്ഷിക്കുന്നത്. ഫലം കായ്ക്കുന്നതിനെ ചെത്തുന്നു. ഫലം കായ്ക്കാത്തതിന് കോടാലി വയ്ക്കുന്നു. അപ്പന് ഇഷ്ടപുത്രനോട് ചെയ്യുന്നതുപോലെ യഹോവ താന് സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു.  സദൃ. 3: 12. നീ ശിക്ഷിക്കുകയും നിന്റെ ന്യായപ്രമാണം നീ ഉപദേശിക്കുകയും ചെയ്യുന്ന മനുഷ്യന് ഭാഗ്യവാന്.  സങ്കീ. 94: 13; സദൃ. 23: 14; 29: 15, 17. വടി ഉപയോഗിക്കാത്തവന് തന്റെ മകനെ പകെക്കുന്നു. അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തലേ അവനെ ശിക്ഷിക്കുന്നു. സദൃ. 13: 24. തെറ്റു ചെയ്തിട്ടും ബാലശിക്ഷ ലഭിക്കുന്നില്ലെങ്കില് ഭയപ്പെടേണം. അവന് അന്യായ കൌലടേയന് ആണെന്നര്ത്ഥം. എബ്രാ. 12: 8. മകനേ, കര്ത്താവിന്റെ ശിക്ഷ നിരസിക്കരുത്. അവന് ശാസിക്കുമ്പോള് മുഷിയുകയുമരുത്. കര്ത്താവ് താന് സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. എബ്രാ. 12: 5, 6. കര്ത്താവിന്റെ ശാസനകള് സ്നേഹാര്ദ്രമായ ഹൃദയത്തില് നിന്നാണ് വരുന്നത്. അവന്റെ ശാസനയും ശിക്ഷയും സ്നേഹത്തില് പൊതിഞ്ഞതാണ്. ദൈവം ശാസിക്കുന്ന മനുഷ്യന് ഭാഗ്യവാന്. സര്വ്വശക്തന്റെ ശിക്ഷ നീ നിരസിക്കരുത്. ഇയ്യോ. 5: 17, 18. കര്ത്താവിന്റെ ആര്ദ്രതയോടെയുള്ള ശാസനകള് സുവിശേഷങ്ങളില് കാണാം. മത്താ. 23: 37; ലൂക്കോ. 13: 34; 19: 41.

കര്ത്താവ് സ്നേഹിക്കുന്നവരെയാണ് ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു എന്നുള്ളത് വലിയ ഒരു ആശ്വാസം ആണ്. നാം കര്ത്താവിനാല് തിരുത്തപ്പെടുകയും, ശിക്ഷിക്കപ്പെടുകയും ചെയ്യുമ്പോള് ഇതെല്ലാം തന്റെ മഹത്തായ സ്നേഹത്തിന്റെ അടയാളമായി നമുക്ക് എടുക്കാന് കഴിയും. നമ്മെ സംബന്ധിച്ച് അവിടുത്തേയ്ക്ക് ഇപ്പോഴും പ്രതീക്ഷയുണ്ടെന്നാണല്ലോ ഇവ തെളിയിക്കുന്നത്. നമ്മള് പാപം ചെയ്തിട്ടും നമ്മുടെ മനഃസാക്ഷിയില് ശാസന അനുഭവപ്പെടുന്നില്ലെങ്കില്, കര്ത്താവിനാല് ശിക്ഷിക്കപ്പെടുന്നില്ലെങ്കില് നിശ്ചയമായും അങ്ങനെയുള്ളവര് അപകടമേഖലയിലാണ്. അവിടുത്തെ തിരുത്തലിന്റെ സൌമ്യസ്വരം തുടര്ച്ചയായി തള്ളിക്കളഞ്ഞതുകൊണ്ട് നിങ്ങളെ

രൂപാന്തിരപ്പെടുത്താനുള്ള കര്ത്താവിന്റെ ശ്രമം ഉപേക്ഷിച്ചതാണ് അതിന് കാരണം. ലവോദിക്യാ സഭ ഉമിണ്ണികളയത്തക്ക നിലവാരത്തിലാണെങ്കിലും കര്ത്താവ് അവരെ സ്നേഹിക്കുന്നു. തന്റെ രക്തത്തിന്റെ വിലയാണവര്, സ്നേഹമുള്ളതിനാല് ശിക്ഷിക്കുന്നു. അതു സ്വാഭാവികം. 1. കൊരി. 11: 29-32. കര്ത്താവ് പത്രോസിനെ ശാസിച്ചിട്ടുണ്ട്. മര്ക്കോ. 8: 33. സ്നേഹമുള്ളതിനാലാണല്ലോ അവര് തുറക്കാതിരുന്നിട്ടും പിന്നെയും പിന്നെയും മുട്ടിക്കൊണ്ടു വാതില്ക്കല് നില്ക്കുന്നത്. ഒരു നന്മയും ഇല്ലാത്ത ഈ സഭയെ കര്ത്താവ് സ്നേഹിക്കുന്നു. മറഞ്ഞ സ്നേഹത്തിലും തുറന്ന ശാസന നല്ലത്. അടിയന്തിരമായി അവര് തങ്ങളുടെ ശീതോഷ്ണാവസ്ഥയില് നിന്ന് മടങ്ങിവരേണം. വാക്യം. 19.  ആകയാല് നീ ജാഗ്രതയുള്ളവനായിരിക്കുക. മാനസാന്തരപ്പെടുക.

മാനസാന്തരവും ജാഗ്രതയും ആണ് ക്രിസ്തീയ ജീവിതവിജയത്തിന്റെ രണ്ടു ഘടകങ്ങള്. ചിലര്ക്ക് പെട്ടെന്നുള്ള തീരുമാനവും പെട്ടെന്നുള്ള സമര്പ്പണവും ഉണ്ടെങ്കിലും തുടര്മാനമായ ജാഗ്രത ഇല്ലാത്തതിനാല് ജീവിതം വിജയിക്കാതെ പോകുന്നു. തീക്ഷതയോടെ എരിഞ്ഞുകൊണ്ടു മാനസാന്തിരപ്പെടുക എന്നാണ് ഒരു തര്ജ്ജിമ. നമ്മുടെ മാനസാന്തരം അലസമായ മട്ടിലാകാതെ തീക്ഷണതയോടും പൂര്ണ്ണ മനസ്സോടും ആയിരിക്കേണം. ജാഗ്രത എന്നതിന് അതീവ ശ്രദ്ധയുള്ളവരായിരിക്കുക എന്നര്ത്ഥം. ജാഗ്രതയില്ലായ്മ വരുത്തുന്ന ക്ലേശങ്ങളും നഷ്ടങ്ങളും അനവധിയാണ്. സാത്താന് നമ്മെ തോല്പ്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ. 2. കൊരി. 2: 11. ശത്രുവായ സാത്താന് തന്ത്രരൂപത്തിലാണ് നമ്മുടെ വിഷയങ്ങള് സമീപിക്കുന്നത്. അവന് നമ്മുടെ വിഷയങ്ങള് പഠിച്ചുകൊണ്ടാണ് നമ്മളെ സമീപിക്കുന്നത്. നമ്മുടെ കര്ത്താവിനോടുള്ള സമീപനവും അങ്ങനെ ആയിരുന്നു. നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുള്ള സാദ്ധ്യതകളും ന്യായങ്ങളുമായി സാത്താന് നമ്മെ സമീപിക്കുന്നു.  സംഹാരകന് നിനക്കെതിരെ വരുന്നു.കോട്ട കാത്തുകൊള്ക. നഹൂം. 2: 1. നിങ്ങളു#െടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരിഞ്ഞു ചുറ്റി നടക്കുന്നു. 1 പത്രോ. 5: 8. ഒടുവില് കര്ത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിന്. പിശാചിന്റെ തന്ത്രങ്ങളോട് എതിര്ത്തുനില്പ്പാന് കഴിയേണ്ടതിന് ദൈവത്തിന്റെ സര്വ്വായുധ വര്ഗ്ഗം ധരിച്ചുകൊള്വിന്. 1.പത്രോ. 6: 11-18.
സഭ അഹങ്കാരത്തിന്റെ വാക്കുകള് സ്വയം നിര്ത്തി വച്ചിട്ട് ദൈവത്തിങ്കലേക്ക് മടങ്ങിവരേണം. മാനസാന്തരപ്പെടുവാന് എഫേസോസ് (2: 5), പെര്ഗ്ഗമോസ് (2: 16), തുയഥൈര (2: 21), സര്ദ്ദീസ് (3:3) എന്നീ സഭകളോടും പറഞ്ഞിരിക്കുന്നു. ഭൌമിക നന്മകളില് തൃപ്തിയടഞ്ഞു ആത്മീയ സമ്പത്തുകള് ചോര്ത്തിക്കളഞ്ഞു വഷളായിപ്പോയ മനസിന് മാറ്റം ഉണ്ടാകണം. ദൈവീക കാഴ്ചപ്പാടില് സംഗതികളെ വീക്ഷിക്കുന്നതിന് മനസ്സു തയ്യാറാകണം. ആത്മീക സമ്പത്തിന് മുന്തൂക്കം നല്കുന്ന പുതുക്കത്തിലേക്ക് മനസ്സു രൂപാന്തിരപ്പെടേണം. നഷ്ടപ്പെട്ടുപോയതെല്ലാം തിരികെ പ്രാപിക്കുന്നതിനുള്ള മാനസാന്തിരവും അതിനായുള്ള ജാഗ്രതയും

അത്യാവശ്യമായിരിക്കുന്നു. ദ്രഹ്മ നഷ്ടപ്പെട്ട സ്ത്രീ ജാഗ്രതയോടെ അത് അന്വേഷിച്ച് കണ്ടെത്തിയതുപോലെ നാമും നഷ്ടപ്പെട്ടതെല്ലാം തിരികെ പ്രാപിപ്പാന് അതിനായി ഉത്സാഹിക്കുക. സഭ ഏതു സമയത്തും ജാഗ്രതയായിരിക്കേണ്ടതാണ്. അത് ദേശത്തിന്റെ കാവല്ക്കാരനായതിനാലും, മണവാളന് വരുന്ന നാഴിക അറിയാത്തതിനാലും, സ്വന്തം കിരീടം ആരും എടുക്കാതിരിക്കുന്നതിനാലും ജാഗ്രത പുലര്ത്തേണ്ടതാണ്. പത്തു കന്യകമാരുടെ കാര്യം ചിന്തിച്ചാല് അതില് അഞ്ചുപേര്ക്ക് ജാഗ്രത ഉണ്ടായിരുന്നതനാല് വിളക്കോടുകൂടി എണ്ണയും പ്രത്യേകം അവര് കരുതി. അതുകൊണ്ട് മണവാളന് വന്നപ്പോള് അവരുടെ വിളക്ക് തെളിഞ്ഞുനിന്നതിനാല് അകത്ത് പ്രവേശിപ്പാന് സാധിച്ചു. ജാഗ്രതയില്ലാതിരുന്ന അഞ്ചു പേര് പുറം തള്ളപ്പെട്ടു പോയി. മത്താ. 25: 1-13. നൂറു ആടുകള് ഉണ്ടായിരുന്ന ഇടയന്റെ ഒരു ആടു നഷ്ടപ്പെട്ടുപോയപ്പോള് താന് ജാഗ്രതയോടെ അന്വേഷിച്ചു ആടിനെ കണ്ടെത്തി. ലൂക്കോസ്. 15: 4- 9. സഭ പ്രത്യേകമായി രണ്ടു കാര്യങ്ങളില് ജാഗ്രതയുള്ളവരായിരിക്കേണം. തിരുവചന ധ്യാനത്തിലും പ്രാര്ത്ഥനാ ജീവിതത്തിലും സഭാ ശുശ്രൂഷകന്മാര് 1. തിമോ. 4: 16-ല് പറയുന്നതുപോലെ  നിന്നെത്തന്നെയും ഉപദേശത്തേയും സൂക്ഷിക്കുവാന് ജാഗ്രതയുള്ളവരായിരിക്കേണം. ആത്മീക സമ്പത്തിന് മുന്തൂക്കം നല്കി മുമ്പുണ്ടായിരുന്ന എല്ലാ ആത്മീക സമ്പത്തും തിരികെ പ്രാപിക്കാന് ജാഗ്രതപ്പെടുകയും അതോടൊപ്പം വന്നു പോയിട്ടുള്ള കുറവുകളെയോര്ത്ത് മാനസാന്തരപ്പെട്ട് മടങ്ങി വരാനാണ് കര്ത്താവ് ആഗ്രഹിക്കന്നത്. ഗിദയോന്റെ സൈന്യം വഹിച്ചിരുന്ന മണ്കുടം ഉടഞ്ഞപ്പോഴാണ് അതില് സൂക്ഷിച്ചിരുന്ന പന്തം ആളിക്കത്തുവാന് തുടങ്ങിയത്. ദൈവീക ജ്വാലയെ മൂടിവച്ചിരിക്കുന്ന സകലവിധ വസ്തുതകളും ഉടച്ചുകളയുവാന് സഭ ഒരു തീരുമാനം കൈക്കൊള്ളട്ടെ. അപ്പോള് സഭ ലോകത്തില് വീണ്ടും പ്രകാശമാനമായിത്തീരും. നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം.  2. തിമോ. 1: 6. ആകയാല് സഭ തീക്ഷണതയോടെ എരിഞ്ഞുകൊണ്ടു മാനസാന്തരപ്പെടുക. (തുടരും)